# തൂലികാജാലകം

## "വായന തന്നെ ചേതന"

## VOL: I

**ലക്കം ഒന്ന്**

## ഉള്ളടക്കം


എഡിറ്റോറിയൽ........3
വികാരം........3
തേനീച്ചജീവിതം........3
ലഹരി........4
തേങ്ങുന്നൊരു കിളി........4
ജീവന്റെ ഒഴുക്ക്........4
അമ്മ........5
മനുഷ്യനും പ്രകൃതിയും........6
കിളിക്കൊഞ്ചലിൻ പ്രഭാദം........6
ജീവിതത്തിന്റെ ഇക്വേഷൻ........7
ലഹരിക്കെതിരെ ജാഗ്രതൈ........9

# എഡിറ്റോറിയൽ

## വികാരം


ബദ്റുൽ മുനീർ
(തൂലികാനാമം)

ചില്ലിട്ടലമാരയിൽ എത്രനാളായ്
ഒരു കരസ്പർശമേക്കാതെ ഞാനിരിപ്പൂ
താളുകളൊന്നും മറിഞ്ഞിടാതെ
പൊടിതൻ ചങ്ങാത്തത്തിൽ ഞാനിരിപ്പൂ

ജ്ഞാനി ഞാനല്ലെന്നാൽ ഏറെയുണ്ട്
ജ്ഞാനം നിങ്ങൾക്കായി എൻ്റടുക്കൽ!
മുത്തശ്ശികഥമുതൽ ഏറെയുണ്ട്
പറഞ്ഞാൽ തീരാത്ത കൃതികളേറെ!

കവിത്രയങ്ങൾ തന്നുടെ കവിതകളും
പാടികേൾപിക്കാനാശയുണ്ട്
നിസ്വാർത്ഥനാം എൻ വാക്കുകളെ
കേൾക്കുവാനാശയില്ലാതിരിപ്പൂ നിങ്ങൾ

പുറത്തേക്കിറങ്ങാൻ കഴിയാതെ
സൂര്യകിരണമേൽക്കാനാവാതെ
ചിതലുകൾക്കുള്ള ഭക്ഷണമായ്
മാറുന്നു ഞാനീ സുദിനത്തിൽ



## തേനീച്ചജീവിതം


ആരിഫ് പെരിങ്ങമ്മല

പട്ടമല്ല, എനിക്കാകാശമാകണം.
കാറ്റാകണം, നൂലാകണം
അങ്ങനെയങ്ങനെ ഉപകാരമേകണം.
പാരോപകാരം തന്നെ പരമപുണ്യം

## ലഹരി

ആർ.അഭിക്ഷിത റാം

ജീവിതാനന്ദം രുചിച്ചിടാൻ വേണമാ
ലഹരിയെന്നാരോ പറഞ്ഞു..
മത്തിൻ മണത്തെ മരുന്നെന്ന് പേരിട്ടു
മണ്ടന്മാർ ആളെ ചതിച്ചു...
മരുന്നല്ല മരണമാണത് മർത്യനെ
മയക്കുവാൻ കെല്പുള്ള സൂത്രം
മൃത തുല്യമായ് മെല്ലെ ജഡമായി മാറ്റുമാ
ലഹരിയൊരു വിനതന്നെ സത്യം....



## തേങ്ങുന്നൊരു കിളി

സജ്ന കൊല്ലായിൽ

ജീവന്റെ ജീവനാം ആശ്രമത്തിൽ
ജീവിതമാകുന്ന പൂമരത്തിൽ
നിൻ കാലടി പാടിന്റെ നൊമ്പരത്തിൽ
തേങ്ങുമിന്നുമെന്നുടെ ഹൃദയത്തിൽ
നോവിന്റെ നൊമ്പര തേൻ കയത്തിൽ
തേങ്ങുന്നൊരു കിളിയായി ഞാനിടെ

## ജീവന്റെ ഒഴുക്ക്

അനഹാ പത്തനംതിട്ട

ഒഴുകുന്ന പുഴ
പുഴയാകുമെന്ന് ജീവിതം...

മലമുകളിൽ ഉറവകൾ ഉത്ഭവിക്കുന്ന
പോലെ മനസ്സിന്റെ ഉള്ളിന്റെ ഉള്ളിൽ
മോഹങ്ങൾ ഉദിക്കുന്നു

കാറ്റിന്റെ ദിശ പോലെ ജീവിതശൈലികൾ
എന്നെ എവിടേക്കെന്നോ എന്തിനെന്നോ
പറയാതെ ഒഴുക്കിലൂടെ പോകുന്നു....


ചതികൾ പോലെ ഉള്ളിൽ നിന്ന് ചുഴികൾ
എന്നെ വലിക്കുന്നു..... മുറിക്കുന്നു...

പാറക്കെട്ടുകളിൽ തട്ടിയും ഉരസിയും
മുറിഞ്ഞും പതറാതെ ചോരയിൽ
ജീവിതക്കെട്ടുതിയിലേക്ക് ഒഴുകുകയാണ്
എന്ന് ജീവിതം.....

## അമ്മ

കെ.അശ്വിത റാം

എല്ലാമെനിക്കെന്റെ അമ്മ തന്നെ
പൊന്നുമ്മ നൽകി
പാലൂട്ടി എന്നെ വളർത്തിയമ്മ
താരാട്ടു പാടി ഉറക്കിയമ്മ
കണ്ണിന്റെ കണ്ണായി കരുതിയമ്മ
എനിക്കായ് ജീവിക്കുന്നമ്മ
അറിവിൻ വെളിച്ചം പകർന്നു തരാൻ
താങ്ങായി, തണലായി വന്നൊരമ്മ
അമ്മയില്ലെങ്കിൽ ഞാനില്ല
അമ്മതന്നെല്ലാമെനിക്കെന്റെയമ്മ തന്നെ...



# മനുഷ്യനും പ്രകൃതിയും

ആർ.അഭിക്ഷിത റാം

ജീവിതമെന്ന നീർപ്പോളയിൽ
പ്രകൃതി തൻ ഔദാര്യത്തിൽ
സ്വയം മറന്നാടിയ മനുഷ്യക്കോലങ്ങൾ
ആർത്തിപൂണ്ടപ്പോൾ
മനുഷ്യന് പ്രകൃതി വെറുമൊരു ഭ്രമമായ് മാറി
വിരക്തിയാൽ പ്രകൃതിയോ
ആത്മഹത്യതൻ വക്കിലേക്കും.
പിന്നെ നാം കേട്ടത് പ്രകൃതിതൻ ആർത്ത
വിലാപങ്ങൾ. കാട് കയറി. പാറ തുരന്ന്.
മണൽ വാരി കൂട്ട മാനഭംഗത്താൽ പിച്ചി
ചീന്തിയപ്പോൾ ചോര വാർന്നവൾ അലറിക്കരഞ്ഞു
അട്ടഹാസത്താൽ മനുഷ്യൻ.
ലോകം മുഴുവൻ ശോകം.
കിഴക്കൻ ചക്രവാളത്തിലെങ്ങോ ഉദിക്കുന്നു.
വളരുക മനുഷ്യാ താഴേക്ക്...
വേരുകളാൽ ഉറയ്ക്കുക മണ്ണിലേക്ക്..

# കിളിക്കൊഞ്ചലിൻ പ്രഭാദം

സജ്‌ന കൊല്ലായിൽ

ആകാശകുടക്കീഴിൽ
നിൻ ഭ്രമിതൻ മാറിൽ
ഒരു കിളികൊഞ്ചലിൻ നാദം
കേട്ടുണരും പ്രഭാദമേ
നിൻ കുളിർമയിൽ ഉണരുന്ന പൂമൊട്ടിലെ

തേൻ നുണയാൻ അണയുന്ന ശലഭങ്ങളെ
അതിൽ നിന്നൊരു മൊട്ടർന്നു വീണു
എൻ സ്വപ്നങ്ങളും
അതിൻ കൂടെ പൊലിഞ്ഞു വീണു

# ജീവിതത്തിന്റെ ഇക്വേഷൻ

ബദ്റുൽ മുനീർ
(തൂലികാനാമം)

എല്ലാദിവസത്തേക്കാളും ഇന്നവൻ ഉഷാറായി കാണപ്പെട്ടു. എന്നും എട്ടുമണി കഴിയാതെ എഴുന്നേൽക്കാത്ത അവൻ, ഇന്ന് അതിരാവിലെ തന്നെ എഴുന്നേറ്റ് കുളിച്ചൊരുങ്ങി ടിപ്-ടോപ്പായി സ്കൂളിലേക്ക് പുറപ്പെടാൻ ധൃതികാണിക്കുന്നതു കണ്ട മാലിനീ ദേവി അവനോടായി തിരക്കി :"അപ്പൂ, എന്താണിന്നിത്ര തിടുക്കം?". അവനൊരു പുഞ്ചിരിയാണ് അവർക്ക് തിരികെ നൽകിയത്. അതിൽ നിന്ന് തന്നെ മാലിനീ ദേവിക്ക് കാര്യം വ്യക്തമായി. "ഇന്നാരാ നിന്റെയിര?". "ആരാണെന്ന് അറിയില്ല; പക്ഷേ ഇന്ന് പുതിയ ഒരു സാർ ചാർജ് എടുക്കുന്നുണ്ട്. അദ്ദേഹം ഞങ്ങളുടെ ക്ലാസ് ഡ്യൂട്ടി ഏറ്റെടുത്തിട്ടുണ്ട് എന്നാണ് കേട്ടത്." അതാണല്ലേ എന്ന ഭാവത്തിൽ മാലിനീ ദേവി പുഞ്ചിരിക്കുക മാത്രമാണ് ചെയ്തത്.

"അമ്മേ പോയ് വരാം കേട്ടോ" എന്ന് പറഞ്ഞ് പുറത്തേക്ക് ഇറങ്ങിയപ്പോൾ മാലിനി ദേവി ഒരു റുബിക്സ് ക്യൂബ് എടുത്ത് അവന്റെ കയ്യിൽ കൊടുത്തിട്ട് സൂക്ഷിച്ചു പോകണം എന്ന് ഉപദേശിച്ചു. തന്റെ അമ്മയുടെ സ്വഭാവത്തിന് എന്തുപറ്റി, പതിവില്ലാതെ റുബിക്സ് ക്യൂബ് തന്റെ കയ്യിൽ തന്നിട്ട് സ്കൂളിലേക്ക് കൊണ്ടുപോകാൻ പറയുന്നു; ആശ്ചര്യത്തിൽ അവൻ അമ്മയെ ഒന്ന് നോക്കി. അവന്റെ അമ്മ അവന് നൽകിയത് ഒരു നേർത്ത പുഞ്ചിരി മാത്രം. എന്തെല്ലാമോ നിഗൂഢതകൾ മറഞ്ഞിരിക്കുന്ന ഒരു നേർത്ത പുഞ്ചിരി! എന്നാൽ അവൻ അത് വലിയ കാര്യമായി എടുത്തില്ല. അവൻ നേരെ സ്കൂൾ ലക്ഷ്യമാക്കി നടന്നു.

ഒരിത്തിരി അധികം നേരത്തെ നടത്തത്തിനൊടുവിൽ അവൻ അവന്റെ സ്കൂളിനു മുന്നിൽ എത്തി. കുറച്ചുനേരം അവിടെയെല്ലാം കറങ്ങി നടന്നശേഷം ഒമ്പതു മണിയോടെ അവൻ ക്ലാസിലേക്ക് തിരിച്ചു അവൻ

ഞെട്ടിപ്പോയി എന്നും ശബ്ദ മുഖരിതമായിരിക്കുന്ന ക്ലാസിൽ ഇന്ന് അറ്റൻഡൻസ് എടുക്കുന്ന ശബ്ദം മാത്രം പുതിയ സാർ ഇത്രയും സ്ട്രിക്റ്റാണോ? ബെല്ലടിച്ചിട്ട് ഇപ്പോൾ അഞ്ച് മിനിറ്റ് കഴിഞ്ഞിരിക്കുന്നു! സ്കൂളിലേക്ക് കയറുമ്പോൾ ഈശ്വര പ്രാർത്ഥന കേൾക്കുന്നുണ്ടായിരുന്നു. ഇപ്പോൾ കുറച്ചു സമയം എന്തൊക്കെയോ ചിന്തിച്ച് നിന്ന് അഞ്ചു മിനിറ്റ് കൂടി കടന്നു പോയി. ഇത് ചിന്തിച്ച് മുന്നോട്ട് നടന്നെത്തിയ അവനെ ക്ലാസ്സിൽ കണ്ട കാഴ്ച വീണ്ടും ഞെട്ടിച്ചു. വെറും ഇരുപത്തിയഞ്ചോളം മാത്രം പ്രായം വരുന്ന ഏതൊരാളും നോക്കി നിന്നു പോകുന്ന ഒരു മൊഞ്ചൻ സാർ.

തന്നെ ആശ്ചര്യത്തോടെ നോക്കി നിൽക്കുന്ന അപ്പുവിനെ സാർ കൈ കാട്ടി ഒന്ന് വിളിച്ചു അപ്പോഴാണ് അവൻ ആ സ്വപ്ന ലോകത്തിൽ നിന്നും ഉണർന്നത്. "മേ ഐ കം ഇൻ സാർ?" "എസ് മൈ ഡിയർ". ആ വാക്കുകൾ വീണ്ടും അവനെ ആശ്ചര്യത്തിൽ ആക്കി. അതെ വർഷങ്ങൾക്കു മുമ്പ് തന്നെ വിട്ടുപോയ തന്റെ പ്രിയപ്പെട്ട ഏട്ടൻ. നിറകണ്ണുകളോടെ അവനാ സത്യം മനസ്സിലാക്കി, അതോടൊപ്പം അവന്റെ അമ്മയുടെ മുഖത്തുണ്ടായിരുന്ന ആ ചിരിയുടെയും അർത്ഥം.

പെട്ടെന്ന് എന്തോ ഓർത്തത് പോലെ അവൻ തന്റെ കയ്യിൽ ഉണ്ടായിരുന്ന റുബിക്സ് ക്യൂബ് അദ്ദേഹത്തിന് നേരെ നീട്ടി. അത് വാങ്ങിയിട്ട് അപ്പുവിനോട് സീറ്റിലേക്കിരിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഉടനെ അവൻ സീറ്റിലേക്ക് കയറിയിരുന്നു. എന്നിട്ട് അവൻ ചേട്ടനോട് ഇത്രയും നാൾ സുഖമായിരുന്നോ എന്ന് ചോദിച്ചു. അതിനുള്ള മറുപടിയായി റുബിക്സ് ക്യൂബ് ഉയർത്തിപ്പിടിച്ച് എല്ലാവരോടുമായി അദ്ദേഹം പറഞ്ഞു : "ഇതാണ് ജീവിതം!"

ഒന്നും മനസ്സിലാകാതെ പരസ്പരം നോക്കിയിരിക്കുന്ന കുട്ടികളിൽ ഒരാൾക്ക് റുബിക്സ് ക്യൂബ് നൽകിയിട്ട് അഞ്ചുമിനിട്ട് തരാം, അത് ശരിയാക്കി നൽകണമെന്ന് പറഞ്ഞു. അവൻ അഞ്ചു മിനിറ്റ് ശ്വാസം എടുക്കാൻ മറന്നു പരിശ്രമിച്ചു. പക്ഷേ അത് ശരിയാക്കാൻ അവന് സാധിച്ചില്ല. പിന്നീട് അപ്പുവിന് നേരെ റുബിക്സ് ക്യൂബ് നീട്ടി അവനത് വാങ്ങി. എന്നിട്ട് ശരിയാക്കാൻ ആരംഭിച്ചു. വെറും നിമിഷങ്ങൾ കൊണ്ട് അവനത് ശരിയാക്കുകയും ചെയ്തു. അപ്പു ശരിയാക്കിയ റുബിക്സ് ക്യൂബ് തിരികെ വാങ്ങിക്കൊണ്ട് അദ്ദേഹം തുടർന്നു; "ഇപ്പോൾ നിങ്ങൾ കണ്ടതാണ്

ജീവിതം! ജീവിതത്തിനും ഈ റുബിക്സ് ക്യൂബിനുള്ളത് പോലെ ഒരു ഇക്വേഷനുണ്ട്. അത് അറിയുന്നവർക്ക് ജീവിതത്തെ നല്ല രസമുള്ളതാക്കാൻ കഴിയും;അല്ലാതെ അവർക്ക് നേരെ തിരിച്ചും. ആദ്യം എനിക്ക് ആ ഇക്വേഷൻ അറിയില്ലായിരുന്നു. എന്നാൽ പിന്നീട് ഞാൻ അത് പഠിച്ചു. ഇപ്പോൾ അതെനിക്കറിയാം." ഇത്രയും പറഞ്ഞ് അദ്ദേഹം നിർത്തിയപ്പോൾ അപ്പുവിന്റെ മനസ്സിൽ ഉണ്ടായിരുന്ന മറ്റുള്ളവരെ കുഴപ്പിക്കാനുള്ള ആശയും എവിടേക്കെന്നറിയാതെ ഇറങ്ങിനടന്നു. അതേ ജീവിതത്തിന്റെ ഇക്വേഷൻ അപ്പു ഗ്രഹിക്കാൻ ശ്രമിക്കുകയാണ്. മറ്റുള്ളവരെ കുഴപ്പിക്കാനുള്ള ആശ വേദനയോടെ ആ സത്യം മനസ്സിലാക്കി; ഇനി ക്ലാസ്സിൽ തനിക്ക് സ്ഥാനമില്ല. ഇപ്പോൾ അവനാണ് ഹീറോ, ജീവിതത്തിന്റെ ഇക്വേഷൻ!

# ലഹരിക്കെതിരെ ജാഗ്രതെ

കൃതികാ റാം.ആർ

ജൂൺ 26 ലഹരി വിരുദ്ധ ദിനം; വ്യത്യസ്ത രൂപത്തിലും ഭാവത്തിലും ആഗോള സമൂഹത്തിൽ ലഹരി വിതക്കുന്ന വിപത്തുകളെ അടയാളപ്പെടുത്തുന്ന ദിനം. ജാതി, മത, ഭാഷ, ദേശ, പ്രായ ഭേദമെന്യേ മാനവ രാശിക്ക് വിപത്തായ ലഹരി മരുന്നുകൾ രാജ്യന്തര തലം മുതൽ ഭരണ സംവിധാനങ്ങൾ കിണഞ്ഞു പരിശ്രമിച്ചിട്ടും തടയാനാവാതെ പടർന്നു പന്തലിച്ചു നിൽക്കുന്ന ലഹരി മാഫിയ. ഒരു പക്ഷേ മഹാവ്യാതികൾക്കൊപ്പമോ അതിലധികമോ നമുക്ക് ജാഗ്രത വേണ്ടത് ലഹരിക്കെതിരെയാണ്.

ലഹരി എന്ന മഹാ വിപത്തിനെതിരെ പേടിയും ജാഗ്രതയും വേണം. ബ്രേക്ക് ദ ചെയിൻ എന്നതും ഇവിടെ പ്രസക്തമാണ്. നമ്മുടെ നാട്ടിലെ സ്ഥിതിയും മറിച്ചല്ല. സമൂഹത്തിലെ മുഴുവൻ വിഭാഗങ്ങളിലും ലഹരിയുടെ ഉപയോഗം കൂടി വരുന്നത് ആശങ്കാജനകമാണ്. വിദ്യാർത്ഥി സമൂഹം, വിദ്യാർത്ഥിനികൾ ഉൾപ്പെടെ ലഹരിയുടെ നീരാളി പിടുത്തത്തിൽ അകപ്പെട്ടു പോകുന്നത് സാധാരണമായിരിക്കുന്നു. ഭാവിയുടെ വാഗ്ദാനങ്ങളാകേണ്ട പലരും കൗതുകത്തിന് തുടങ്ങി വരും വരായ്കകളെ കുറിച്ച് ആലോചിക്കാതെ ഉപയോഗം തുടർന്ന് പിന്നീട് ഒരിക്കലും പിന്തിരിയാനാവാതെ ലഹരിയുടെ കാണാക്കയങ്ങളിൽ ആണ്ടുപോകുന്നവരാണ്. അധ്യാപകരും രക്ഷിതാക്കളും നിയമ

സംവിധാനവും നിതാന്ത ജാഗ്രതയോടെ കണ്ണ് തുറന്നു പിടിച്ചാൽ ഒരു പരിധിവരെ നമ്മുടെ കുഞ്ഞുങ്ങളെയെങ്കിലും സംരക്ഷിക്കാൻ സാധിക്കും. ഒരു സമൂഹത്തിലെ നല്ലൊരു ശതമാനം ആളുകൾ ലഹരിയുടെ അടിമകളും വിതരണക്കാരുമായി അധഃപതിക്കുന്നത് ഒട്ടും ആശാവഹമല്ല.